

സെറിബ്രൽ പാൾസി ബാധിച്ച കുട്ടി. അച്ഛനമ്മമാർ അവനെ ഒളിപ്പിച്ചു വളർത്തിയില്ല. എല്ലാറ്റിനും അവനെ മുന്നിൽ നിർത്തി. അങ്ങനെയങ്ങനെ അവൻ ഒന്നാമനായി. ശ്യാമപ്രസാദും അവന്റെ മാതാപിതാക്കളും ഇന്ന് ഇച്ഛാ ശക്തിയുടെ പാഠപുസ്തകമാണ്.

ഹപൂർവം അതെല്ലാം നിരസിക്കുകയായിരുന്നു.

സിഡിഎസിൽ എംഫില്ലും പിഎച്ച്ഡിയും പൂർത്തിയാക്കി. പ്രശസ്ത ജനസംഖ്യാ വിദഗ്ധനായ ഡോ. ഇരുദയരാജന്റെ കീഴിൽ നടത്തിയ ഗവേഷണത്തിൽ 'മുതിർന്ന പൗരൻമാർക്കിടയിലെ ദാരിദ്ര്യവും പിന്നാക്കാവസ്ഥയും' ആയിരുന്നു വിഷയം. കണ്ണൂർ സർവകലാശാല വൈസ് ചാൻസലർ ഡോ. മൈക്കിൾ തരകൻ, മുൻമന്ത്രി തോമസ് ഐസക് എന്നിവർ സിഡിഎസിൽ ശ്യാമിന്റെ അധ്യാപകരായിരുന്നു.

ഡോക്ടറേറ്റ് നേടിയശേഷം ഗുജറാത്തിൽ ഐആർഎംഎയിൽ റിസർച്ച് ഓഫിസറായി. പക്ഷേ, അവിടത്തെ കാലാവസ്ഥയിൽ അധികകാലം പിടിച്ചുനിൽക്കാൻ കഴിഞ്ഞില്ല. തുടർന്നാണ് ഐജിഐഡിആറിൽ പോസ്റ്റ് ഡോക്ടറൽ ഫെലോ ആയി ചേർന്നത്. രണ്ടു പേർക്കാണ് ആവർഷം അവിടെ പ്രവേശനം ലഭിച്ചത്. കശ്മീർ സ്വദേശിയാണ് കൂടെയുള്ളത്. നാലുപേപ്പറാണു സമർപ്പിക്കേണ്ടത്. മൂന്നെണ്ണം നൽകിക്കഴിഞ്ഞു. ഇതിനിടെ തിരുച്ചിറപ്പള്ളി ഐഐഎമ്മിൽ ജോലിക്കുള്ള അഭിമുഖം കഴിഞ്ഞു.

ഇന്ത്യയിൽ വിവിധ സ്ഥലങ്ങളിൽ 13 രാജ്യാന്തര സെമിനാറിൽ ശ്യാം പ്രബന്ധം അവതരിപ്പിച്ചു കഴിഞ്ഞു. 2009ൽ ജർമനിയിലെ ബോൺ സർവകലാശാലയിൽ രാജ്യാന്തര സെമിനാറിൽ പ്രബന്ധം അവതരിപ്പിച്ചു. കേരള വികസനമായിരുന്നു വിഷയം. ജർമനിയിൽ പോയതെല്ലാം തനിച്ചാണ്. കാസർകോട് എൻഡോസൾഫാൻ മേഖലയിലെ സാമ്പത്തിക പ്രതിസന്ധിയെക്കുറിച്ചാണ് ഇപ്പോൾ പഠിക്കുന്നത്. അതിനായി പലതവണ അവിടം സന്ദർശിച്ചു.

ഒരു ലാപ്ടോപ്പും ശ്യാമുമുണ്ടെങ്കിൽ ലോകത്തെ ഏതു വികസന കാര്യവും അറിയാൻ നിമിഷങ്ങൾ മതിയെന്നാണ് അധ്യാപകർ പറയുക. എവിടെപ്പോയാലും രാത്രി അമ്മയെ വിളിക്കും. അന്നു മലയാള പത്രങ്ങളിലെ പ്രാദേശിക വാർത്തകൾ അമ്മ വായിച്ചുകൊടുക്കണം. ദേശീയ, രാജ്യാന്തര വാർത്തകൾ അല്ലാതെയറിയാമല്ലോ? നാട്ടിൽ പഞ്ചായത്തുകളിലെ കക്ഷിനിലവരെ കാണാപ്പാഠമാണ്.

അനുജൻ സന്ദീപ് ഫ്ളിപ്കാർട്ട് ഏജൻസിയിലും സഹോദരി സന്ധ്യ റിലയൻസ് ഇൻഫ്രാപവറിലും എൻജിനീയർ. ഐഎസ്ആർഒയുടെ ഡെറാഡൂണിലെ ഇൻസ്റ്റിറ്റ്യൂട്ടിൽ നിന്നാണ് സന്ധ്യ എംടെക് നേടിയത്. എല്ലാവരുടെയും പ്രചോദനവും മാർഗദർശിയും അപ്പുവേട്ടൻ എന്ന ശ്യാമപ്രസാദ് തന്നെ.

## സിനിമയിലെ നായകൻ

ശ്യാമിന്റെ ജീവിതവിജയം മറ്റുള്ളവർക്കു പ്രചോദനമേകാൻ നിർമലഗിരി കോളജ് അലുമ്നി അസോസിയേഷനും ഇക്കണോമിക്സ് വിഭാഗവും ചേർന്ന് ഒരു മണിക്കൂർ ദൈർഘ്യമുള്ള സിനിമയൊരുക്കുകയാണ്. കോളജ് പൂർവവിദ്യാർഥി റോബിൻസ് എം. ഐസക് ആണ് സംവിധാനം. ഇക്കണോമിക്സ് വിഭാഗം മേധാവി പ്രഫ. ടി.എ. ജോണിന്റേതാണ് ആശയം. എടക്കാനം സ്കൂളിൽ നിന്നാണ് സിനിമ തുടങ്ങുന്നത്. ശ്യാം പഠിച്ച സ്ഥലങ്ങളിൽ നിന്നെല്ലാം ചിത്രീകരിച്ചു കഴിഞ്ഞു. ശ്യാമിന്റെ ജീവിതം, മകനെ വൈകല്യത്തിന്റെ പേരിൽ ഒളിപ്പിച്ചുവയ്ക്കാതെ തന്റേടത്തോടെ വളർത്തിയ രക്ഷിതാക്കൾ എന്നിവരെ കേന്ദ്രീകരിച്ചാണ് ചിത്രം മുന്നോട്ടുപോകുന്നത്. ഇച്ഛാശക്തിക്കു മുൻപിൽ ഒരു ഹിമാലയവും തടസ്സമാകില്ല എന്നാണല്ലോ. ഇവരെ മാതൃകയാക്കാമെങ്കിൽ നൂറ് ശ്യാമപ്രസാദുമാർ വൈകല്യത്തെ തോൽപ്പിച്ചു മുന്നേറുമെന്നതിൽ സംശയം വേണ്ട.

സെറിബ്രൽ പാൾസി ബാധിച്ച ഒട്ടേറെ കുട്ടികൾ നമ്മുടെ ഇടയിലുണ്ട്. അവരുടെ രക്ഷിതാക്കളോടെല്ലാം പ്രഭാകരനും ഉഷയ്ക്കും ചെറിയൊരു ഉപദേശമേയുള്ളു: 'ഒരിക്കലും മക്കളെ മാറ്റിനിർത്തരുത്. നിങ്ങൾ കാരണം ഞങ്ങളുടെ ജീവിതം തകർന്നു എന്ന കുറ്റപ്പെടുത്തലോ ചീത്ത പറയലോ പാടില്ല. മറ്റു കുട്ടികളെപ്പോലെ നിങ്ങളും കഴിവുള്ളവരാണെന്ന് എപ്പോഴും പറഞ്ഞ് ശുഭാപ്തിവിശ്വാസത്തോടെ വളർത്തുക. കഴിയുമെങ്കിൽ സ്പെഷൽ സ്കൂളിൽ പറഞ്ഞയയ്ക്കാതെ സാധാരണ സ്കൂളിൽ ചേർക്കുക. നിങ്ങൾ പോകുന്ന ഏതു പൊതുപരിപാടിക്കും മക്കളെ കൂടെക്കൂട്ടുക. ആത്മവിശ്വാസത്തോടെ വളർത്തുന്ന കുട്ടികളെ പിന്നീട് ഒരു ശക്തിക്കും തകർക്കാൻ കഴിയില്ല. ഉറപ്പ്.'